5. 110 KV Substation

6. ചിറ്റമലയിൽ നിന്നും വെള്ളം കൊണ്ടു വരാനായുള്ള ഒരു ജലവിതരണ സംഭരണ പദ്ധതി, അതിനനുബന്ധമായ Water Treatment Plant.

7. Kollam- ക്രിസ്തുരാജ് ജംഗ്ഷനിൽ നിന്നും ടെക്നോപാർക്കിലേക്കുള്ള അപ്രോച്ച് റോഡിന്റെ നിർമ്മാണം.

8. ഒന്നാം നിലയിൽ പൂർണ്ണമായും ഫർണിഷ് ചെയ്ത് സജ്ജമാക്കിയിരിക്കുന്ന (Plug & Play Ready to occupy-SBCs) 9 Business ഓഫീസുകൾ.

(സി) ആദ്യഘട്ടം പൂർത്തിയായിക്കഴിഞ്ഞു.

കണ്ടറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തനം

307 (656) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ടറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തനത്തിനായി എന്തെങ്കിലും പദ്ധതികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ടറ ടെക്നോ ലോഡ്ജിന്റെ പ്രവർത്തന പുരോഗതിക്കായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) Rayz Integrated Solutions എന്ന സ്ഥാപനത്തിനെ കണ്ടറ ടെക്നോ ലോഡ്ജിലേക്ക് കൊണ്ടുവരികയും പ്രവർത്തനരഹിതമായി കിടക്കുകയായിരുന്ന കണ്ടറ ടെക്നോ ലോഡ്ജിൽ പ്രസ്തുത കമ്പനിക്ക് പ്രവർത്തനാനുമതി നൽകുവാൻ തീരുമാനിക്കുകയും ചെയ്തു. ഏപ്രിൽ 2015-ഓടെ കണ്ടറ ടെക്നോ ലോഡ്ജ് അറ്റകുറ്റപ്പണികൾ ചെയ്ത് പ്രവർത്തനം ആരംഭിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

സൈബർ പാർക്ക്, ഇൻഫോ പാർക്ക്, ടെക്നോ പാർക്ക് എന്നിവയുടെ അടിസ്ഥാന സൗകര്യ വികസനം

308 (657) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സൈബർ പാർക്ക്, ഇൻഫോ പാർക്ക്, ടെക്നോ പാർക്ക് എന്നിവയുടെ അടിസ്ഥാന സൗകര്യവികസനത്തിനും സ്ഥലം ഏറ്റെടുക്കലിനും വേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ; ചെലവഴിച്ച തുക എത്ര ; വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചു ;

LIBRARY ARCHIVES Kerala Legislative Assembly